I/136508/2023

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം−695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. എഫ് 1 /4219/2022/മെ.വി.വ.** **തീയതി: 29-01-2023**

### <u>കുറ്റപത്രം</u>

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ താങ്കൾക്ക്, 24.01.2022 മുതൽ 23.04.2022 വരെ (പിന്നവധി 24.04.2022) KSR Rule 78 (Part 1) പ്രകാരം ആർജിതാവധി അനുവദിച്ചിരുന്നു. എന്നാൽ ടി ആർജിതാവധി കാലയളവ് അവസാനിച്ചതിനുശേഷവും താങ്കൾ ഇതുവരെയും ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല. അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി നിർദ്ദേശിച്ചുകൊണ്ട് ഈ ഓഫീസിൽ നിന്നുള്ള 04.09.2022 തിയതിയിലെ ഇതേ നമ്പർ പ്രകാരം താങ്കൾക്ക് കത്ത് നൽകിയെങ്കിലും, താങ്കൾ ഇതുവരെയും ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല.

അവധി കാലയളവ് അവസാനിച്ചതിനുശേഷവും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്.

കേരള സിവിൽ സർവീസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ 1960 ലെ കെ.എസ്.ആർ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള പിരിച്ചുവിടൽ ഉൾപ്പെടെയുള്ള കടുത്ത ശിക്ഷാനടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് കാണിക്കുവാൻ താങ്കളോട് ഇതിനാൽ ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നല്കുന്നതിനായി ഈ കുറ്റാരോപണപത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകാനില്ലെന്ന അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആയതു നിശ്ചിത സമയത്തിനകം മുൻകൂട്ടി അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണ പത്രിക ഇതോടൊപ്പം ചേർക്കുന്നു.

Signed by
Thomas Mathew
Date: 29-01-2023 12:49:58

THOMAS MATHEW
DIRECTOR

സ്വീകർത്താവ്:

1. Dr Preetham Kumar Francis
   Dwaraka

East Devagiri
Medical College P O
Kozhikkode 673008

2. Dr Preetham Kumar Francis
PLRA 51, TC 2/3033
Panachamoodu Lane
Pattom P O
Thiruvananthapuram 695004